
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Peshitta Bible
# പ്ശീത്താ-ബൈബിൾ




| | |
|---|---|
| Call Number | RR-1385/WM |
| Title | Peshitta Bible<br>പ്ശീത്താ-ബൈബിൾ |
| Topic | ശ്ലീഹന്മാരുടെ നടപടി ലേഖനങ്ങൾ , വെളിപാട് |
| Author | Unknown. |
| Publisher/Year | 1998 |
| Printed at | Deepika Book House |
| Total Pages | 179 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | # PeshittaBible #Peshitta #Bible #Deepikabookhouse |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്ശീത്താ ബൈബിൾ

# ശ്ലീഹന്മാരുടെ നടപടി
# ലേഖനങ്ങൾ
# വെളിപാട്



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

പ്ശീത്താ ബൈബിൾ

# ശ്ലീഹന്മാരുടെ നടപടി
# ലേഖനങ്ങൾ
# വെളിപാട്

ക്രൈസ്തവസഭാമേലദ്ധ്യക്ഷന്മാരുടെ അനുഗ്രഹാശിസ്സുകളോടെ
പ്രസിദ്ധീകരിക്കുന്ന സമ്പൂർണ്ണ മലയാളവിവർത്തനം

ദീപിക ബുക്കുഹൗസ്
ശാസ്ത്രി റോഡ്
കോട്ടയം - 1
1998

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ശ്ലീഹന്മാരുടെ നടപടി

സുവിശേഷകനായ ലൂക്കാ തന്നെയാണ് നടപടി ഗ്രന്ഥത്തിന്റെയും രചയിതാവ്. സുവിശേഷത്തിന്റെ തുടർച്ചയാണത്. ഈശോയുടെ മരണത്തിനുശേഷം പുതിയനിയമബദ്ധസമൂഹം രൂപംകൊണ്ട കഥയോടെ ഗ്രന്ഥം ആരംഭിക്കുന്നു. ഓറെശ്ലെം, യൂദാ, ശാമ്രേൻ, ഈ നഗരങ്ങളിലേക്കു അതു വ്യാപിച്ചു. പുറജാതിക്കാരും ആ നവ്യ സമൂഹത്തിലെ അംഗങ്ങളായി. ആദിമ സഭയുടെ വളർച്ച ഗ്രന്ഥകാരൻ വിവരിക്കുന്നു. നടപടിപ്പുസ്തകത്തിലെ ആഖ്യാനങ്ങൾ തിരുസ്സഭാ സമൂഹത്തിന് മാർഗ്ഗനിർദ്ദേശം നല്കുന്നവയാണ്. വിശുദ്ധ ലൂക്കായുടെ ആഖ്യാനോദ്ദേശ്യം വെറും ചരിത്രം വിവരിക്കലല്ല. അജപാലനാത്മകമായ കാഴ്ചപ്പാടിലൂടെയാണ് അയാൾ സംഭവങ്ങളെ സമീപിക്കുന്നത്. അനുവാചകനെ വിശ്വാസത്തിൽ ഉറപ്പിക്കാനും അയാൾക്ക് ജീവിത മാതൃകകൾ കാണിച്ചുകൊടുക്കാനും ഗ്രന്ഥകാരൻ പരിശ്രമിക്കുന്നു.

ഗ്രന്ഥഘടന ഇപ്രകാരമാണ്.

| | | |
|---|---|---|
| ആമുഖം | : | 1:1 – 14. |
| റൂഹാദക്കുദശായെ സ്വീകരിക്കാനുള്ള ഒരുക്ക | : | 1:15 – 26. |
| ഓറെശ്ലെത്തെ പ്രേഷിതവൃത്തി | : | അദ്ധ്യാ.2 – 5 |
| ഓറെശ്ലെത്തിനു പുറത്തുള്ള പ്രേഷിതവൃത്തി | : | 6:1 – 15 – 35 |
| പൗലോസിന്റെ പ്രേഷിത യാത്രകൾ | : | 15:36 – 28:31. |

നടപടി ഗ്രന്ഥത്തിലെ മുഖ്യപ്രമേയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

ദൈവത്തിന്റെ രക്ഷാ പദ്ധതിയുടെ പൂർത്തീകരണം.

ഉത്ഥാനം ചെയ്ത ഈശോ, പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട തന്റെ ശിഷ്യന്മാർ വഴി തന്റെ പ്രവർത്തനം ഭൂമിയിൽ തുടരുന്ന ചിത്രം ഗ്രന്ഥം അവതരിപ്പിക്കുന്നു. പഴയനിയമത്തിലെ ഇസ്രായേൽ ജനതയുടെ തുടർച്ചയാണ് പുതിയ ഉടമ്പടിയുടെ സമൂഹം. അതോടൊപ്പം അവർ മൗലീകമായി പുതിയ ജനതയാണ്. യൂദഗണത്തിൽ ഒതുങ്ങിനിൽക്കുന്നില്ല പുതിയ ഇസ്രായേൽ. പുറജാതിക്കാരുടെ സഭയായി കാലാന്തരത്തിൽ അതു രൂപംകൊള്ളുന്ന ദൃശ്യം ചേതോഹരമാണ്. നടപടി ഗ്രന്ഥത്തിൽ വിവരിക്കപ്പെടുന്ന രോഗശാന്തിയുടെ ദൃഷ്ടാന്തങ്ങൾ നവീകരണത്തിന്റെയും രക്ഷയുടെയും അടയാളങ്ങളാണ്. ഭൗമിക ശക്തികൾക്കൊന്നും ദൈവവചനത്തെ തളർത്തുവാനോ നശിപ്പിക്കുവാനോ സാധിക്കയില്ല. എന്തെന്നാൽ ദൈവത്തിന്റെ സാന്നിദ്ധ്യം പ്രേഷിതരോടൊത്തുണ്ട്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ

പുതിയനിയമത്തിൽ പതിമ്മൂന്നു ലേഖനങ്ങളാണ് പൗലോസിന്റെ നാമത്തിൽ അറിയപ്പെടുന്നത്. അവയെ മൂന്നു വിഭാഗങ്ങളായിത്തിരിക്കാം.

1. സംശയാതീതമായി പൗലോസിന്റേത് എന്നു തീർച്ചയുള്ള കത്തുകൾ: തെസാലോനിക്കക്കാർക്കുള്ള ഒന്നാം ലേഖനം, ഗലാത്തിയാക്കാർക്കുള്ള ലേഖനം, പീലിപ്പോസുകാർക്കുള്ള ലേഖനം, ഖോറന്തോസുകാർക്കുള്ള ഒന്നും രണ്ടും ലേഖനങ്ങൾ, റോമാക്കാർക്കുള്ള ലേഖനം, പിലമോനുള്ള ലേഖനം.
2. പൗലോസിന്റേതെന്നു തീർച്ചയില്ലാത്ത ലേഖനങ്ങൾ: തെസാലോനിക്കക്കാർക്കുള്ള രണ്ടാം ലേഖനം, കൊലൊസോസ്കാർക്കുള്ള ലേഖനം, അപ്പെസോസുകാർക്കുള്ള ലേഖനം. പൗലോസിന്റെ ഒരു ശിഷ്യനാകാം ഇവയുടെ രചയിതാവെന്ന് ചിലർ അഭിപ്രായപ്പെടുന്നു.
3. പൗലോസിന്റെ നാമത്തിൽ എഴുതപ്പെട്ടിരിക്കുന്ന ലേഖനങ്ങൾ: തിമാതേയോസിനുള്ള ഒന്നും രണ്ടും ലേഖനങ്ങൾ, തെത്തോസിനുള്ള ലേഖനം.

സഭാ കാനോനായിലുള്ള പതിമ്മൂന്നു കത്തുകളും പൗലോസിന്റേതായി ചേർത്തിരിക്കുന്നു. അവയിൽ പീലിപ്പോസ്, കൊലൊസോസ്, അപ്പെസോസ് എന്നിവിടങ്ങളിലുള്ളവർക്കും പീലിമോനുമുള്ള കത്തുകൾക്ക് "തടവറയിൽ നിന്നുള്ള ലേഖനങ്ങൾ" (Captivity letters) എന്ന സംജ്ഞ നല്കിയിരിക്കുന്നു. ഇവയിൽ പൗലോസിന്റെ കാരാഗൃഹവാസത്തെക്കുറിച്ച് സൂചിപ്പിക്കുന്നതാണ് അതിനുള്ള കാരണം. തെത്തോസിനും, തിമാതേയോസിനും ഉള്ള കത്തുകൾ അജപാലകലേഖനങ്ങൾ (Pastoral letters) എന്നാണു അറിയപ്പെടുക.

എബ്രായർക്കുള്ള ലേഖനത്തിന്റെ കർത്താവ് പൗലോസ് അല്ലെന്ന് ഏവരും സമ്മതിക്കുന്നു. അതൊരു കത്തായിക്കരുതുക യുക്തമല്ല. പ്രബോധനങ്ങൾ അടങ്ങുന്ന പള്ളിപ്രസംഗത്തോടാണ് അതിനു കൂടുതൽ സാമ്യം.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പൗലോസ് ശ്ലീഹാ

# റോമാക്കാർക്ക്

## എഴുതിയ ലേഖനം

തന്റെ മൂന്നാമത്തെ പ്രേഷിതയാത്രയുടെ അവസാനത്തിലാണു പൗലോസ് ഈ കത്തെഴുതുന്നത്. കോറന്തോസിൽ വച്ചായിരിക്കണം ലേഖനം തയ്യാറാക്കിയത്. രചനാകാലം എ.ഡി. 57 അഥവാ 58 ആണ്.

പൗലോസല്ല റോമായിലെ സഭ സ്ഥാപിച്ചത്. എങ്കിലും പുറജാതിക്കാരടങ്ങുന്ന ആ സഭാ സമൂഹത്തോട് അയാൾക്ക് പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. താൻ അവരെ സന്ദർശിക്കാൻ ആഗ്രഹിക്കുന്നതായി ശ്ലീഹാ ലേഖനത്തിൽ പറയുന്നുണ്ട്. എങ്കിലും ആ ആഗ്രഹം ഉടനടി സാധിതമാകുന്നില്ല. പൗലോസിന്, പുറജാതിക്കാരിൽനിന്നു പിരിച്ചെടുത്ത സംഭാവനയുമായി ഓറെശ്ലെത്തെ യൂദ ക്രിസ്ത്യാനികളുടെ അടുക്കലേയ്ക്കു പോകേണ്ടിവന്നു. റോമായിലെ പുറജാതിക്കാരായ ക്രിസ്തീയ സമൂഹത്തോട് അതിന്റെ കാരണം ശ്ലീഹാ വ്യക്തമാക്കുന്നു. അതുപോലെ തന്നെ ആ സഭയിലെ ന്യൂനപക്ഷമായ യൂദ ക്രിസ്ത്യാനികളുമായി സ്നേഹൈക്യം നിലനിർത്തേണ്ടതിനെക്കുറിച്ച് കത്തിൽ ഉദ്ബോധിപ്പിക്കുന്നു.

പൗലോസിന്റെ ലേഖനങ്ങളിൽ ഏറ്റവും ദീർഘമായ ദൈവശാസ്ത്ര വിശകലനം ഉൾക്കൊള്ളുന്നത് റോമാക്കാർക്കുള്ള കത്താണ്. രക്ഷയുടെ ചരിത്രപരമായ സാദ്ധ്യതയെക്കുറിച്ചുള്ള പ്രേഷിതന്റെ ചിന്തകൾ ഇതിൽ അടങ്ങിയിരിക്കുന്നു, രക്ഷയുടെ അടിസ്ഥാനം ദൈവത്തിന്റെ ധാർമ്മികനീതിയും സ്നേഹവുമാണ്. ഈശോമ്ശിഹായിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യർക്കും അത് ലഭ്യമാണ്. നീതീകരണവും രക്ഷയും മൂശെയുടെ നിയമം അനുശാസിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നതല്ല. ദൈവപുത്രനായ ഈശോമ്ശിഹായിലുള്ള വിശ്വാസമാണ് നീതീകരണവും രക്ഷയും സാധിതമാക്കുന്നത്. വിശ്വാസവും മാമ്മോദീസായും വഴി മ്ശിഹാ സംഭവത്തിന്റെ ഫലദായകത്വത്തിലും, മ്ശിഹായുടെ മരണവും ഉത്ഥാനവും വഴി സാക്ഷാൽക്കരിക്കപ്പെട്ട, പിതാവായ ദൈവത്തിന്റെ രക്ഷാപദ്ധതിയിലും മനുഷ്യൻ പങ്കുകാരനായിത്തീരും.

റോമാക്കാർക്കുള്ള കത്ത് ക്രിസ്തീയ ദൈവശാസ്ത്രത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സഭാപിതാക്കന്മാർ തുടങ്ങി മദ്ധ്യശതകങ്ങളിലെയും പ്രോട്ടസ്റ്റന്റുനവീകരണ കാലത്തെയും ദൈവശാസ്ത്രജ്ഞന്മാരും ആധുനിക വേദപണ്ഡിതന്മാരും ഉൾപ്പെടെയുള്ളവർ ഈ ലേഖനത്തെക്കുറിച്ച് വിശദമായ വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ആധുനിക ദൈവശാസ്ത്രത്തിലും ലേഖനത്തിലെ ആശയങ്ങളുടെ സ്വാധീനം കാണാം.

ആമുഖത്തോടെ ലേഖനം ആരംഭിക്കുന്നു (1:1–15). അഭിവാദനങ്ങളും, ദൈവത്തിനുള്ള കൃതജ്ഞതാ പ്രകടനവും, റോമാ സന്ദർശിക്കാനുള്ള പ്രേഷിതന്റെ ആഗ്രഹവും ആമുഖത്തിലെ വിഷയങ്ങളാണ്.

തുടർന്ന് ഗ്രന്ഥത്തിന്റെ താത്വിക ഭാഗം ആരംഭിക്കുന്നു(1:16–11:36). നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ ദൈവികസുവിശേഷമാണു പ്രമേയം. സുവിശേഷം വഴി ദൈവത്തിന്റെ ധാർമ്മികനീതി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു; വിശ്വാസിയായ മനുഷ്യനെ അതു നീതീകരിക്കുന്നു. ദൈവത്തിന്റെ സ്നേഹം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർക്ക് ആത്മരക്ഷ ഉറപ്പു വരുത്തുന്നു. പഴയനിയമത്തിലെ ഇസ്രായേൽ ജനത്തിനാണ് ദൈവം ആദ്യമായി ഈ രക്ഷ വാഗ്ദാനം ചെയ്തത്. പക്ഷേ, അവർ തദനുസാരം ജീവിക്കുന്നതിന് തയ്യാറായില്ല. തന്മൂലം ദൈവം വിജാതീയരെ സ്വീകരിച്ചു. എങ്കിലും ഇസ്രായേലിനെ നിത്യമായി തള്ളിക്കളഞ്ഞിട്ടില്ല.

രണ്ടാംഭാഗത്തിൽ ദൈവശാസ്ത്ര ചിന്തകൾ അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട വിധത്തെപ്പറ്റി ഉപദേശം നല്കുന്നു. (12:1–15:13). മ്ശിഹായിലുള്ള ധാർമ്മിക ജീവിതത്തിന് ആവശ്യമായ കാര്യങ്ങളെക്കുറിച്ച് ശ്ലീഹാ ക്രിസ്തീയ സമൂഹത്തെ പ്രബുദ്ധരാക്കുന്നു. അരൂപിയിലുള്ള ദൈവാരാധനയായിരിക്കണം ക്രിസ്തീയ ജീവിതം. ദുർബല മാനസരോട് മറ്റുള്ളവർ സഹാനുഭൂതിയോടുകൂടി പെരുമാറണം.

ഹൃദയംഗമമായ ഒരു ശുഭാശംസയോടെ ലേഖനം അവസാനിപ്പിക്കുന്നു.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പൗലോസ് ശ്ലീഹാ

# പീലിപ്പോസുകാർക്ക്

## എഴുതിയ ലേഖനം

റോമാ പ്രവിശ്യയായ മാക്കേദോനിയായിലെ ഒരു പ്രമുഖപട്ടണമായിരുന്നു പിലിപ്പി. തന്റെ കാരാഗൃഹവാസത്തിനിടയ്ക്കാണ് പൗലോസ് ഈ ലേഖനം എഴുതുന്നത് (എ. ഡി.54 – 58). പല കത്തുകളുടെ ഭാഗങ്ങൾ ചേർന്നതാണ് ഈ ലേഖനം എന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അക്രൈസ്തവരുടെ ശത്രുത മൂലം പല പ്രയാസങ്ങളും നേരിടുകയായിരുന്നു പിലിപ്പിയിലെ സഭ. മാത്രമല്ല സ്വാർത്ഥതയും അഹന്തയും സഭാംഗങ്ങളെത്തന്നെ ഗ്രസിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് പൗലോസ് പീലിപ്പോസുകാർക്ക് ലേഖനം എഴുതുന്നത്. അനൈക്യവും ഭിന്നതയും കൈവെടിയാനും നിസ്വാർത്ഥതയിൽ അധിഷ്ഠിതമായ ഐക്യത്തിൽ ജീവിക്കാനും ശ്ലീഹാ സ്നേഹപൂർവ്വം അവരെ ഉദ്ബോധിപ്പിക്കുന്നു. സുവിശേഷത്തെ പ്രതി സഹിക്കുന്നതിന്റെ സന്തോഷത്തെക്കുറിച്ച് തന്റെ അനുഭവം ഉദ്ധരിച്ചുകൊണ്ട് അവരെ പ്രബുദ്ധരാക്കുന്നു. മ്ശിഹായിലുള്ള സഹവർത്തിത്വം അവരുടെ പരസ്പരമുള്ള ബന്ധങ്ങൾ ദൃഢീകരിക്കട്ടെയെന്ന് ശ്ലീഹാ ആശംസിക്കുന്നു.

മ്ശിഹായെക്കുറിച്ചുള്ള കീർത്തനമാണ് (2:6 – 11) പീലിപ്പോസുകാർക്കുള്ള ലേഖനത്തിലെ ഏറ്റവും സമാകർഷകമായ ഭാഗം. ലോകത്തിന്റെയും ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ കേന്ദ്രബിന്ദു ഈശോമ്ശിഹായാണെന്ന ആശയം ലേഖനത്തിൽ തുടിച്ചു നില്ക്കുന്നുണ്ട്. ക്രിസ്തീയജീവിതം എപ്രകാരമായിരിക്കണമെന്നു കാണിക്കാനാണ് മ്ശിഹാകീർത്തനം പൗലോസ് രചിക്കുന്നത്. ഈശോയെപ്പോലെ അവന്റെ ശിഷ്യരും വിനീതരും സ്വയം സമർപ്പിക്കുന്നവരും മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവരും ആയിത്തീരണം. പൗലോസ് അപ്രകാരം ജീവിച്ചവനാണ്. ഈശോയുടെ മരണം ദൈവത്തോടുള്ള അനുസരണത്തിന്റെ ഏറ്റം ഉദാത്തമായ ദൃഷ്ടാന്തമായിരുന്നു. അതേ കാലടികൾ സഭാംഗങ്ങളും അനുധാവനം ചെയ്യണം.

കത്തിന്റെ ഘടന ഇതാണ്: ആമുഖഭാഗത്ത് (1:1– 11) അഭിവാദനവും കൃതജ്ഞതാ പ്രകാശനവും പ്രാർത്ഥനയും. തുടർന്നുള്ളത് വാർത്തകളും നിർദ്ദേശങ്ങളുമാണ്. (1:12 – 3:1) സഭാംഗങ്ങൾക്കുള്ള ചില ഉപദേശങ്ങളാണ് 1:27 – 2:18വരെ. അവർ ഐക്യത്തിലും സ്ഥിരതയിലും നിലകൊള്ളണം; മ്ശിഹായെപ്പോലെ എളിമയും നിസ്വാർത്ഥ മനോഭാവവും പുലർത്തണം; അനുസരണം അഭ്യസിക്കണം; ലോകത്തിൽ മ്ശിഹായ്ക്കു സാക്ഷ്യം വഹിക്കണം. താൻ അവരുടെ അടുക്കലേക്കു തിമോത്തെയോസിനെയും അപ്പെപ്രോദിത്തൊസിനെയും അയയ്ക്കുന്നു.

3:2 – 4:1- ന്റെ വിഷയം വ്യാജോപദേഷ്ടാക്കൾക്കെതിരായ മുന്നറിയിപ്പുകളാണ്. ഐക്യത്തിലും സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുന്നതിനുള്ള പ്രബോധനങ്ങൾ (4:2 – 9). പിലിപ്പിയിലെ സഭയുടെ സംഭാവനയെക്കുറിച്ചുള്ള സന്തോഷപ്രകടനം (4:10 – 20). വന്ദനവും ശ്ലൈഹികാശീർവ്വാദവും (4:21– 23).

### അദ്ധ്യായം 1

*പീലിപ്പോസ്കാരോടു വിശുദ്ധശ്ലീഹായ്ക്കുള്ള പ്രത്യേക വാത്സല്യവും അവരുടെ വിശ്വാസ ദാർഢ്യത്തിനായി ചെയ്യുന്ന ആഹ്വാനവും.*

ഈശോമ്ശിഹായുടെ ദാസന്മാരായ പൗലോസും തിമോത്തേയോസും ചേർന്ന്,

പീലിപ്പോസിലെ പുരോഹിതന്മാരും, ശുശ്രൂഷകന്മാരും ഉൾപ്പെടെ ഈശോമ്ശിഹായിലുള്ള സകല വിശുദ്ധർക്കും എഴുതുന്നത്:

2. നമ്മുടെ പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ ഈശോമ്ശിഹായിൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും.

3-5. ആദ്യദിവസം മുതൽ ഇതഃപര്യന്തം സുവിശേഷത്തിൽ നിങ്ങൾക്കുള്ള ഗാഢമായ ബന്ധം നിമിത്തം സന്തോഷത്തോടുകൂടെ ഞാൻ (നിങ്ങൾക്കുവേണ്ടി) പ്രാർത്ഥിക്കുകയും, നിങ്ങൾക്കുവേണ്ടിയുള്ള എല്ലാ പ്രാർത്ഥനകളിലും സദാ നിങ്ങളെയോർത്തുകൊണ്ട് എന്റെ ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു.

6. നിങ്ങളിൽ സൽപ്രവൃത്തികൾ ആരംഭിച്ചവൻ തന്നെ നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ ദിനംവരെ അവ തുടർന്നു പൂർത്തിയാക്കും എന്നു എനിയ്ക്ക് ഉറപ്പുണ്ട്.

7. നിങ്ങൾ എന്റെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠിതരായിരിക്കയും, സുവിശേഷ സത്യത്തിനുവേണ്ടിയുള്ള എന്റെ കാരാഗൃഹവാസത്തിലും സ്ഥിരീകരണ സംരംഭങ്ങ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ക്കുന്ന ജീവനുള്ള ദൈവത്തിലല്ലാതെ ഉറപ്പില്ലാത്ത, സമ്പ
ത്തിൽ ആശ്രയിക്കാതിരിക്കുവാനും,
18. സൽപ്രവൃത്തികൾ ചെയ്യുവാനും, സൽക്കർമ്മ
ങ്ങളാൽ സമ്പന്നരാകുവാനും കൊടുക്കുന്നതിനും പങ്കു
കൊള്ളുന്നതിനും ഒരുക്കമുള്ളവരാകുവാനും,
19. സാക്ഷാത്തായ ജീവൻ സ്വന്തമാക്കുവാൻവേണ്ടി
ആഗാമിയായതിലേക്ക് തങ്ങൾക്കായി ഉറപ്പുള്ള അടി
സ്ഥാനം ഇടുവാനും നീ കല്പിക്കുക.
20. അല്ലയോ, തിമാത്താ നിന്നെ ഭരമേല്പിച്ചിരിക്കുന്ന
കാര്യം ശ്രദ്ധിച്ചുകൊള്ളുക. നിരർത്ഥകവചനങ്ങളിൽ
നിന്നും കപടജ്ഞാനത്തിന്റെ വൈരുദ്ധ്യങ്ങളിൽനിന്നും
ഓടിയകലുക.
21. എന്തുകൊണ്ടെന്നാൽ അതിനെ സ്വീകരിക്കുന്ന
വർ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുന്നു.
22. കൃപ നിന്നോടുകൂടെ. ആമ്മേൻ.

## പൗലോസ് ശ്ലീഹാ

# തിമാത്തെയോസിനെഴുതിയ

## രണ്ടാം ലേഖനം

ഈ രണ്ടാമത്തെ ലേഖനം കുറച്ചുകൂടി വ്യക്തിഗതമാണ്. തന്റെ ഏകാന്തതയെയും പരിത്യക്താവസ്ഥയെയും കുറിച്ച് ലേഖകൻ പരിതപിക്കുന്നുണ്ട്. ചിലർ തന്നോടുകാണിക്കുന്ന സഹാനുഭൂതിയെക്കുറിച്ച് അയാൾ സന്തോഷിക്കയും ചെയ്യുന്നു (1:15 – 18; 4:9 – 13). തിമാത്തെയോസിനോടുള്ള വൈയക്തികബന്ധവും കത്തിൽ പ്രകടമാകുന്നു. അയാളുടെ ജോലിയിലുള്ള ബുദ്ധിമുട്ടിൽ സഹതാപം പ്രദർശിപ്പിക്കുന്നു; അതിൽ നിലനില്ക്കാൻ ഹൃദയ ദ്രവീകരണക്ഷമമായ ഭാഷയിൽ ഉപദേശിക്കുന്നു. കത്തിന്റെ അവസാന ഭാഗത്തെ ആശംസകളും വ്യക്തിബന്ധം സ്പഷ്ടമാക്കുന്നതാണ്.

തിമാത്തെയോസ് നയിക്കുന്ന സഭയിലെ പ്രയാസങ്ങൾ മറച്ചുവയ്ക്കാൻ ലേഖകൻ ശ്രമിക്കുന്നില്ല. അനുദിനം അനുഭവപ്പെട്ടിരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് കത്തിൽ പരാമർശിക്കുന്നുണ്ട്. സഭാഭരണം നന്ദി ലഭിക്കാത്ത ഒന്നാണ്. മറ്റുള്ളവരെ ക്ഷമാപൂർവ്വം തിരുത്തുകയും നയിക്കുകയും ക്ഷിപ്രസാദ്ധ്യമല്ല.

ആദ്യലേഖനം മ്ശിഹായുടെ മരണവും ഉത്ഥാനവും പ്രഘോഷിക്കുമ്പോൾ രണ്ടാമത്തേതു അവനെ സഭയുടെ ന്യായാധിപനായി ചിത്രീകരിക്കുന്നു. അവൻ വിശ്വസ്തതക്കും വിശ്വാസത്തിൽ അധിഷ്ഠിതമായ ശുശ്രൂഷക്കും പ്രതിഫലം നല്കും; ദുഷ്ടരോടും തെറ്റുചെയ്യുന്നവരോടും കണക്കു ചോദിക്കയും ചെയ്യും(1:18-4:1,8,14).

തന്റെ മരണം ആസന്നമായിരിക്കുന്നു എന്ന് പൗലോസ് തിമാത്തെയോസിനെ അറിയിക്കുന്നു. തന്മൂലം ചില ജോലികൾ അയാളെ ഭരമേല്പിക്കയാണു ശ്ലീഹാ. വിശുദ്ധലിഖിതങ്ങളിൽ പാണ്ഡിത്യം നേടാൻ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

### അദ്ധ്യായം 1

*സ്ഥാനാരോഹണത്തോടെ ലഭിച്ച കൃപാവരം ഉന്മിഷത്തായി വയ്ക്കുവാനും കഷ്ടപ്പാടുകളിൽ അധൈര്യപ്പെടാതിരിക്കുവാനും, സുവിശേഷത്തിന്റെ കാതലായ പ്രബോധനം പൂർണ്ണവിശ്വാസത്തോടെ കൈക്കൊള്ളുവാനും ശ്ലീഹാ ഉപദേശിക്കുന്നു.*

ദൈവത്തിന്റെ അഭീഷ്ടത്താലും ഈശോമ്ശിഹാമൂല
മുള്ള ജീവന്റെ വാഗ്ദാനം നിമിത്തവും ഈശോമ്ശിഹാ
യുടെ ശ്ലീഹാ ആയ പൗലോസ്,
2. പ്രിയപുത്രനായ തിമാത്തെയോസിന് (എഴുതു
ന്നത്): പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താ
വായ ഈശോമ്ശിഹായിൽനിന്നും അനുഗ്രഹവും കരുണ
യും സമാധാനവും (നിനക്കുണ്ടാകുമാറാകട്ടെ).
3. രാവും പകലുമുള്ള പ്രാർത്ഥനകളിൽ ഞാൻ
സദാ നിന്നെ അനുസ്മരിച്ചുകൊണ്ട്, എന്റെ പിതാക്കന്മാ
രുടെ കാലം മുതൽ, നിർമ്മല മനസ്സാക്ഷിയോടെ ഞാൻ
ആർക്കു ശുശ്രൂഷചെയ്യുന്നുവോ ആ ദൈവത്തിന്
സ്തോത്രം ചെയ്യുന്നു.
4. ഞാൻ നിന്നെക്കാണാൻ ആഗ്രഹിക്കയും,
5. നിന്റെ അമ്മയുടെ അമ്മയായ ലൊയീസിലും
നിന്റെ അമ്മയായ എവുനിക്കേയിലും ആദ്യം മുതലുണ്ടാ
യിരുന്ന സ്ഥിരവിശ്വാസത്തെക്കുറിച്ച് എനിക്കുള്ള ഓർമ്മ
മൂലം നിന്നിലും (ആ വിശ്വാസം ഉണ്ടെന്ന്) എനിക്ക് സമ്മതം
വന്നിരിക്കുന്നതിനാൽ, ആനന്ദഭരിതനാകാൻവേണ്ടി നിന്റെ
കണ്ണുനീരിനെ ഞാൻ അനുസ്മരിക്കുകയും ചെയ്യുന്നു.
6. തന്നിമിത്തം എന്റെ കൈവയ്പു വഴി നിനക്കു
ലഭിച്ചിരിക്കുന്ന ദൈവദാനം നീ ഉജ്ജ്വലിപ്പിക്കണം എന്നു
ഞാൻ അനുസ്മരിപ്പിക്കുന്നു.
7. ദൈവം നമുക്കു തന്നിരിക്കുന്നത് ഭയത്തിന്റെ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

3. നാമും മുൻപ് വിചാരശൂന്യരും അനുസരണമില്ലാത്തവരും ആയിരുന്നു; വഴിപിഴച്ചു നടന്നിരുന്നു; പലതരം ദുരാഗ്രഹങ്ങൾക്ക് വിധേയരായിരുന്നു; ദുഷ്ടതയിലും അസൂയയിലും വ്യാപരിച്ചിരുന്നു; ദ്വേഷിക്കയും പരസ്പരം വെറുക്കുകയും ചെയ്തിരുന്നു.

4. എന്നാൽ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ കനിവും കരുണയും വെളിപ്പെടുത്തപ്പെട്ടപ്പോൾ,

5. അവൻ നമ്മെ രക്ഷിച്ചത് നമ്മുടെ സൽപ്രവൃത്തികൾ മൂലമല്ല; പിന്നെയോ, പുനർജന്മകാരിയായ ക്ഷാളനത്താലും നമ്മുടെ രക്ഷകനായ ഈശോമ്ശിഹാ മുഖേന നമ്മുടെമേൽ ധാരാളമായിച്ചൊരിഞ്ഞ പരിശുദ്ധാത്മാവിന്റെ നവീകരണത്താലും തന്റെ കരുണകൊണ്ടാകുന്നു.

7. (ഇത്) അവന്റെ കൃപയാൽ നാം നീതീകരിക്കപ്പെടുകയും നിത്യായുസ്സിന്റെ പ്രത്യാശയിൽ അവകാശികളായിത്തീരുകയും ചെയ്യേണ്ടതിന് ആയിരുന്നു.

8. (ഈ) വചനം വിശ്വസനീയമാകുന്നു. ദൈവത്തിൽ വിശ്വസിച്ചവർ സൽക്കർമ്മനിരതരാകുവാൻ തക്കവണ്ണം അവരെ ഇവയിൽ നീ സ്ഥിരപ്പെടുത്തണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഗുണകരവും മനുഷ്യർക്ക് പ്രയോജനകരവും ആയവയാണല്ലോ ഇവ.

9. എന്നാൽ ബുദ്ധിശൂന്യമായ പര്യവേക്ഷണങ്ങളിൽനിന്നും, വംശാനുചരിതവർണ്ണനകളിൽനിന്നും, നിയമജ്ഞന്മാരുടെ വിവാദങ്ങളിൽനിന്നും, കലഹങ്ങളിൽനിന്നും നീ ഒഴിഞ്ഞുമാറുക. അവ പ്രയോജനരഹിതവും വ്യർത്ഥവുമാകുന്നു.

10. ഒരു പാഷണ്ഡിയോടു ഒന്നോ രണ്ടോ പ്രാവശ്യം ഉപദേശിച്ചശേഷം നീ അയാളിൽ നിന്നു ഒഴിഞ്ഞുമാറിക്കൊള്ളുക.

11. അങ്ങനെയുള്ളവൻ ഋജുബുദ്ധിയല്ല. അയാൾ പാപം ചെയ്യുന്നു. തന്നെത്തന്നെ കുറ്റം വിധിക്കുകയും ചെയ്തിരിക്കുന്നു എന്നറിഞ്ഞു കൊള്ളുക.

12. ഞാൻ ആറാത്തേമായെയോ തുകിക്കോസിനെയോ നിന്റെ അടുക്കലേക്കു അയക്കുമ്പോൾ, നിക്കാപ്പൊലീസിൽ എന്റെ അടുക്കലേക്കുവരാൻ നീ ഉത്സാഹിക്കണം. മഴക്കാലം അവിടെ കഴിച്ചുകൂട്ടുവാനാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നത്.

13. നിയമജ്ഞനായ സേനായ്ക്കും ആപ്പലോയ്ക്കും യാതൊരു കുറവും വരാതെ, അവരെ നന്നായി യാത്ര അയയ്ക്കാൻ നീ ഉത്സാഹിക്കണം.

14. നമ്മുടെ ആളുകളും ഫലശൂന്യരാകാതിരിക്കാൻ വേണ്ടി സൽപ്രവൃത്തികൾ ചെയ്യാൻ പഠിക്കട്ടെ.

15. എന്റെ കൂടെയുള്ളവരെല്ലാം നിനക്ക് വന്ദനം പറയുന്നു. വിശ്വാസത്തിൽ ഞങ്ങളെ സ്നേഹിക്കുന്ന എല്ലാവർക്കും വന്ദനം പറയുക. കൃപ നിങ്ങളേവരോടും കൂടി (ഇരിക്കുമാറാകട്ടെ) ആമ്മേൻ.

## പൗലോസ് ശ്ലീഹാ
# പീലിമോനു
## എഴുതിയ ലേഖനം

ഏറ്റവും ചെറിയ ഈ ലേഖനം വളരെ വ്യക്തിപരമാണ്. തന്റെ അദ്ധ്യാത്മിക പുത്രനായ പീലിമോനെ അയാളുടെ അടിമയായ ആനേസിമോസിനോടു മ്ശിഹായുടെ കാഴ്ചപ്പാടിൽ വർത്തിക്കാൻ പ്രേരിപ്പിക്കുന്നതാണ് കത്തിലെ ഉള്ളടക്കം. ക്രിസ്ത്യാനികൾ പരസ്പരം എപ്രകാരം വർത്തിക്കണം എന്ന ഒരു സന്ദേശം ഇതിൽ ഉൾക്കൊള്ളുന്നു. അടിമവൃത്തിയെക്കുറിച്ച് ഒരു ദൈവശാസ്ത്ര വിചിന്തനത്തിനു പൗലോസ് ഇവിടെ തുനിയുന്നില്ല. ഒരു പ്രത്യേക സാമൂഹ്യപ്രശ്നം പ്രായോഗികമായി പരിഹരിക്കാൻ മാത്രമാണ് ശ്ലീഹായുടെ ശ്രമം. എങ്കിലും ആ കത്തിൽ പൗലോസിന്റെ ചില സങ്കൽപ്പങ്ങൾ നിഴലിക്കുന്നുണ്ട്. ഒരാൾ ക്രിസ്തീയമതം സ്വീകരിക്കുമ്പോൾ അതോടെ മറ്റുള്ളവരുമായി ഒരു നൂതന ബന്ധത്തിൽ ഏർപ്പെടുന്നു. മ്ശിഹായിൽ എല്ലാവരും സഹോദരീസഹോദരന്മാരാണ്; കർത്താവിൽ അവർ പരസ്പരം പങ്കുകാരായിത്തീരുന്നു. യജമാനനെന്നോ അടിമയെന്നോ ഉള്ള് വ്യത്യാസങ്ങൾക്കെല്ലാം അതീതമാണ് ഈ നവ്യ ബന്ധം. കൊലൊസോസിലെ മാന്യവും ധനാഢ്യവുമായ ഒരു കുടുംബത്തിലെ നാഥനായിരുന്നു പീലിമോൻ. അയാളുടെ അടിമ യജമാനഗൃഹത്തിൽ നിന്ന് ഒളിച്ചുപോയി. പൗലോസിന്റെയടുത്തെത്തിയ അയാളെ ശ്ലീഹാ മാനസാന്തരപ്പെടുത്തി. യജമാന ഗൃഹത്തിലേക്കു തിരിച്ചയയ്ക്കുമ്പോൾ ആനേസിമോസിനു മാപ്പു നല്കാൻ അഭ്യർത്ഥിച്ചുകൊണ്ട് പീലിമോന് എഴുതിയതാണ് ഈ ലേഖനം.

കാരാഗൃഹ വാസം അനുഭവിക്കുന്ന കാലത്താണു പൗലോസ് ഈ കത്തെഴുതുന്നത്. എ.ഡി. 56-57 ആയിരിക്കണം രചനാകാലം.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter’s Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org